## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2767.** **12.02.2019 ൽ മറുപടിയ്ക്ക്**

### ചാലക്കുടി താലൂക്ക് ആശുപത്രിയിൽ വിമുക്തി പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിമുക്തി പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളും സൗകര്യങ്ങളുമാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | മദ്യ-മയക്കുമരുന്ന്-പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനായി ബഹുജന പങ്കാളിത്തത്തോടുകൂടി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, ഡീ-അഡിക്ഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുക എന്നിവയാണ് വിമുക്തി പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ.<br>സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. നിലവിൽ കോളേജ് തലത്തിൽ 511 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 2761 ക്ലബ്ബുകളും പ്രവർത്തിച്ചു വരുന്നുണ്ട്. ലഹരിവിരുദ്ധ സന്ദേശങ്ങൾ പകരുന്നതിനായി സ്കൂൾ, കോളേജ് വിദ്യാർഥികൾക്കായി ക്വിസ്സ്, ചിത്രരചന, കൈയ്യെഴുത്തു മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുന്നുണ്ട്. ലഹരി മാഫിയയെക്കുറിച്ചും മറ്റുമുള്ള പരാതികൾ അറിയിക്കുന്നതിനായി വിദ്യാലയങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, എക്സൈസ് ഓഫീസുകൾ എന്നിവിടങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ് ആപ്പ് എന്നിവയിൽ വിമുക്തി മിഷന്റെ പേജ് ആരംഭിച്ചിട്ടുണ്ട്. ആയവ വഴി ലഭ്യമാകുന്ന പരാതികൾ പരിഗണിക്കുവാനും നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നല്കിയിട്ടുണ്ട്.<br>വിമുക്തിയുടെ ഭാഗമായി കേരളത്തിലെ പതിനാല് ജില്ലകളിലും ആരംഭിച്ച ഡീ-അഡിക്ഷൻ സെന്ററുകളിൽ ലഹരിക്ക് അടിമപ്പെട്ടവർക്ക് കൗൺസലിംഗും, ചികിത്സയും നല്കിവരുന്നുണ്ട്. ലഹരിക്ക് അടിമപ്പെട്ടവ |

| | | | |
|---|---|---|---|
| | | | ർക്കും ലഹരിയുടെ പാതയിലേയ്ക്ക് വഴുതിപ്പോകാനിട യുള്ളവർക്കും വിമുക്തി മിഷന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ കൗൺസലിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുള്ളതും ടെലഫോൺ മുഖാന്തിരവും ആവശ്യമുള്ള പക്ഷം നേരിട്ടും രാവിലെ എട്ടുമണി മുതൽ രാത്രി എട്ടുമണി വരെ കൗൺസലിംഗ് നല്കുന്നതിനായി സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതാണ്. |
| (ബി) | വിമുക്തി പദ്ധതി അനുവദിച്ചിട്ടുള്ള ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ഇതിന്റെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും ഇതിനായി അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതെല്ലാമാണെന്നും അറിയിക്കാമോ? | (ബി) | ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ആരംഭിച്ച ഡീ അഡിക്ഷൻ സെന്ററിൽ പത്ത് കിടക്കകളോടെ കിടത്തി ചികിത്സയടക്കം നൽകാൻ കഴിയും വിധം എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ടി ഡീ-അഡിക്ഷൻ സെന്ററിൽ ഒരു അസിസ്റ്റന്റ് സർജന്റെ കേഡറിലുള്ള മെഡിക്കൽ ഓഫീസർ, ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒരു സൈക്ക്യാട്രിക് സോഷ്യൽ വർക്കർ, മൂന്ന് സ്റ്റാഫ് നഴ്സ്, എന്നിങ്ങനെ താത്കാലിക തസ്തികകൾ ഉണ്ട്. |

**സെക്ഷൻ ഓഫീസർ**